പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3542 | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|
| **ജാഗ്രതാസമിതികൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി.മുഹമ്മദ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ വനിതാ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും നീതിനിഷേധവും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കാനും, പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയാനും ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന ഭരണതലം പ്രാദേശിക സർക്കാരുകൾ ആയതിനാൽ അവർക്ക് കീഴിൽ നിലവിലുണ്ടായിരുന്ന ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള വിശദമായ ശുപാർശകൾ കേരള വനിതാ കമ്മീഷൻ സമർപ്പിക്കുകയും 23/06/2007-ലെ സഉ(എ.എസ്)നം.31/07/സാക്ഷേവ പ്രകാരം ജാഗ്രതാസമിതികളും ജില്ലാ ജാഗ്രതാസമിതികളും പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, അവ പരിഹരിക്കാനായി ഇടപെടുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക, സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക, ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക തുടങ്ങിയവയാണ് ജാഗ്രത സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ |
| (സി) എവിടെയൊക്കെയാണ് ജാഗ്രതാ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) പഞ്ചായത്ത്, ബ്ളോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ ജില്ലാ തലങ്ങളിൽ സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥൻ കൺവീനർ ആയുള്ള കമ്മിറ്റികൾ മുഖേന ജാഗ്രതാസമിതികളുടെ പ്രവർത്തനം നടപ്പിലാക്കി വരുന്നുണ്ട് |
| | |

| | |
|---|---|
| (ഡി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജാഗ്രതാ സമിതി നടത്തുവാനുദ്ദേശിക്കുന്നത് ? | (ഡി) സ്ത്രീകൾക്കും പെൺകുട്ടിക മെതിരെയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ, പീഡന വിവേചനങ്ങൾ, ചൂഷണം തുടങ്ങിയവ തടയാ ഇടപെടുകയും ഇത്തരം കുറ്റകൃത്യ സമൂഹത്തിന്റെയും നിയമത്തിന്റെയും ശ്രദ്ധയ കൊണ്ടുവന്ന് ആവശ്യമായ നിയമസഹായ ഉപദേശവും പ്രചരണവും നൽകുകയും ചെയ്യു എന്നതാണ് ജാഗ്രതാസമിതിയുടെ പ്രവർത്തന കൊണ്ടുദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**